LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാണ്ടി : സർ, തണ്ണീർമുക്കം ബണ്ട് അടയ്ക്കുമ്പോൾ വേമ്പനാട് കായലിന്റെ തെക്ക് വശത്തുള്ള ഭൂപ്രദേശത്തിന്റെ പരിസ്ഥിതി തകിടംമറിയുകയാണ്. പാടത്തടിക്കുന്ന മരുന്നും തുരിശും രാസവളവുമെല്ലാം പമ്പ് ചെയ്ത് ആറ്റിൽകയറ്റി അത് മൂന്നുമാസമായി ഒഴുക്കില്ലാതെ കിടക്കുകയാണ്. അതിന്റെ ബുദ്ധിമുട്ട് ഞങ്ങൾ അനുഭവിച്ചുകൊണ്ടാണ് അവിടെ ജീവിക്കുന്നത്, അങ്ങനെയാണ് നെൽകൃഷി ചെയ്ത് നിങ്ങൾക്കെല്ലാം അരി തരുന്നത്. കടപ്പുറത്ത് കിടക്കുന്ന ചൊരിമണലാണ് വേമ്പനാട് കായലിന്റെ അടിയിൽ കിടക്കുന്നത്. അത് വാരിയില്ലെങ്കിൽ കട്ടനാട്ടിലെ വഴി നന്നാക്കാൻ കഴിയില്ല. കാരണം, വെളിയിൽനിന്ന് ചുമന്ന മണ്ണ് കൊണ്ടുവന്ന് വഴി നന്നാക്കുന്നതിന് പഞ്ചായത്തുകളുടെ കയ്യിൽ കാശില്ല. ഇത് കൊണ്ടുവരണമെങ്കിൽ ട്രാൻസ്പോർട്ടിംഗ് വേണം. അതുകൊണ്ട് വള്ളത്തിൽ വാരിക്കൊണ്ടുവന്നാണ് കട്ടനാട്ടിലെ ഗ്രാമഗ്രാമാന്തരങ്ങളിലെ വഴിനന്നാക്കുന്നത്. കടപ്പുറം മണ്ണുപോലുള്ള മണ്ണ് വേമ്പനാട് കായലിന്റെ അടിയിൽ കിടക്കുന്നുണ്ട്. ഇവരെ അത് വാരാൻ അനുവദിച്ചാൽ ഇതിന്റെ ആഴം കൂടും, നീരൊഴുക്ക് തടസ്സപ്പെട്ടത് ഇല്ലാതെവരും. വർഷങ്ങൾകൊണ്ടെങ്കിലും അത് വൃത്തിയാക്കിയെടുക്കാം. അതാണ് ഞാൻ പറയുന്നത്. എഴുതിതന്ന മറുപടി അങ്ങ് വായിച്ചു. ദയവായി ചുറ്റുമുള്ള എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ ഇവരെയെല്ലാം വിളിച്ച് ഈ വിഷയം ചർച്ചചെയ്ത് കുട്ടനാടിനെ രക്ഷിക്കണമെന്നാണ് എനിക്ക് അങ്ങയോട് പറയുവാനുള്ളത്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് കുട്ടനാട് പ്രദേശവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും അങ്ങയുടെ എല്ലാ വികാരങ്ങളും ഈ സഭ ഉൾക്കൊള്ളുന്നു. ആ പ്രദേശത്തുള്ള എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച വേണമെന്നാണ് അങ്ങയുടെ ആവശ്യം. തീർച്ചയായും അങ്ങനെയൊരു ചർച്ച നടത്തിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളത് ചർച്ച ചെയ്ത് പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏത് തരത്തിൽ നടപ്പാക്കാൻ കഴിയുമെന്നുള്ളതും ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനും നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

V സബ്മിഷൻ

1. സി. ഐ. പ്രൊമോഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, വളരെ അടിയന്തരമായി ലഭിക്കേണ്ട പ്രൊമോഷനെ സംബന്ധിച്ച ഒരു സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. പോലീസ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 1988-ൽ ഡയറക്ട് ഹെഡ്കോൺസ്റ്റബിളായി

സർവ്വീസിൽ പ്രവേശിക്കുകയും 10 വർഷത്തിനുശേഷം എ.എസ്.ഐ.-ആയി പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് 1-1-2000-ലെ സെലക്ട് ലിസ്റ്റിൽനിന്നും 1-1-2001-ൽ സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിക്കുകയും എന്നാൽ 19-3-2003-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ സീനിയറായി ഉൾപ്പെടുത്തി സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്തവരുമായ 14 പോലീസ് സി.ഐ.-മാരുടെ വിഷയമാണിത്. ഇവർക്ക് നാളിതുവരെയായി പ്രൊമോഷൻ ലഭിച്ചിട്ടില്ല. ഇവർ നിരന്തരം മേലധികാരികളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും അനുഭാവപൂർവ്വമായിട്ടുള്ള ഒരു പരിഗണന നാളിതുവരെ ലഭിച്ചിട്ടില്ല. പട്ടികജാതിക്കാരായ ഈ 14 സി.ഐ.-മാർക്ക് അടിയന്തരമായി പ്രൊമോഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കുവാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ കുറച്ചുകാലമായി പോലീസിൽ നിലനിൽക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ചാണ് ഇവിടെ ഈ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. നിലവിൽ സർക്കിൾ ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിച്ചവരുൾപ്പെടുന്ന സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 19-03-2003-ൽ അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരും പ്രൊമോട്ടഡ് സബ് ഇൻസ്പെക്ടർമാരും ഡയറക്ട് എച്ച്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ്കാരും തമ്മിൽ സീനിയോറിറ്റിതർക്കം നിലനിൽക്കുന്നതിനാൽ സർക്കാർ നിർദ്ദേശപ്രകാരം സീനിയോറിറ്റിതർക്കം പരിഹരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചു പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം സർക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സത്വരനടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരികയാണ്. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഔദ്യോഗിക വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിച്ച് അതുവഴി ലഭിക്കുന്ന ആക്ഷേപങ്ങൾകൂടി പരിഹരിച്ച് ഉടൻ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. അനുബന്ധ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗംകൂടി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേയ്ക്കുള്ള സർക്കിൾ ഇൻസ്പെക്ടർമാരുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുമ്പോൾ സബ്മിഷനിൽ പ്രതിപാദിക്കുന്ന 14 പോലീസ് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് യോഗ്യതയുള്ള പക്ഷം പ്രൊമോഷൻ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള നടപടികൾ വേഗത്തിലാക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly